പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## ബി.പി.എൽ. സർട്ടിഫിക്കറ്റ്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3210 — 16.12.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ബി.പി.എൽ. സർട്ടിഫിക്കറ്റ് നൽകുന്നതിന് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരെ (ബി.ഡി.ഒ.) ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 30.09.2015 ലെ സ.ഉ.(കൈ). 309/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. നിലവിലുള്ള ബി.പി.എൽ പട്ടികയിൽ അർഹതപ്പെട്ട വളരെയധികം കുടുംബങ്ങൾ ഉൾപ്പെടാതെ വരികയും അനർഹർ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ അർഹതപ്പെട്ട കുടുംബങ്ങൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ വിവിധ ക്ഷേമപ്രവർത്തനങ്ങൾ/ചികിത്സാ ആനുകൂല്യങ്ങൾ/വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാകാതെ വരുന്നുണ്ട്. ആയതിനാൽ നിലവിലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത എന്നാൽ പട്ടികയിൽ ഉൾപ്പെടാൻ അർഹതയുള്ള കുടുംബങ്ങളിലെ അംഗങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ/ ആനുകൂല്യങ്ങൾ/ചികിത്സാ/ വിദ്യാഭ്യാസ സംബന്ധമായ ആവശ്യങ്ങൾ എന്നിവയ്ക്ക് ബി.പി.എൽ. സർട്ടിഫിക്കറ്റ് ആവശ്യമായി വരുന്ന സാഹചര്യത്തിൽ അപേക്ഷ വിശദമായി പരിശോധിച്ച് നിലവിലുള്ള ബി.പി.എൽ അർഹതാമാനദണ്ഡം ഉറപ്പുവരുത്തി ബി.പി.എൽ. സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ബന്ധപ്പെട്ട ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട് |
| (ബി) | നഗര പ്രദേശങ്ങളിലെ അർഹരായവർക്ക് ബി.പി.എൽ. സർട്ടിഫിക്കറ്റ് നൽകുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | പരിശോധിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ